ജെ. ബി. ഐ. സി. യുടെ സഹായത്തോടെയുള്ള കേരള ജലവിതരണ സംവിധാനങ്ങൾ

91 [3345] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:*
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
„ *വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജെ. ബി. ഐ. സി. യുടെ സഹായത്തോടെയുള്ള കേരള ജലവിതരണ പ്രോജക്ടിന്റെ നിർവ്വഹണം അതിവേഗത്തിലാക്കുന്നതിനായി സർക്കാർ ഏർപ്പെടുത്തിയ സംവിധാനങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) കേരള സർക്കാർ നിയോഗിച്ച കൺസൾട്ടൻസിയുടെ ചുമതലകൾ എന്തെല്ലാമാണ്;

(സി) അതിവേഗ പ്രോജക്ട് നിർവ്വഹണ സംവിധാനത്തിൽ എന്തെല്ലാം കാര്യങ്ങളിൽ അന്തിമതീരുമാനം എടുക്കുവാനുള്ള അധികാരം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) പദ്ധതി നടത്തിപ്പ് ഇന്നത്തെ സ്ഥിതിയിൽ മുന്നോട്ട് പോയാൽ നിശ്ചിത സമയത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഇ) പദ്ധതി നടത്തിപ്പിൽ മുൻകൂട്ടി കാണാൻ കഴിയാത്ത എന്തെങ്കിലും പ്രതിബന്ധങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ജെ. ബി. ഐ. സി. യുടെ സഹായത്തോടെയുള്ള കേരള ജലവിതരണ പ്രോജക്ടിന്റെ നിർവ്വഹണം അതിവേഗത്തിലാക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായി എംപവേർഡ് കമ്മിറ്റിയും ജലവിഭവ വകുപ്പുമന്ത്രി ചെയർമാനായി കോ-ഓർഡിനേഷൻ കമ്മിറ്റിയും ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഫണ്ട് റിലീസ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ചുമതലകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) കൺസൾട്ടൻസിയുടെ പ്രധാന ചുമതലകൾ ചുവടെ കൊടുക്കുന്നു:

1. ഫീസിബിലിറ്റി റിപ്പോർട്ടുകളുടെ പുനരവലോകനവും ഫൈനൽ റിപ്പോർട്ട് തയ്യാറാക്കലും.

2. പദ്ധതിക്കാവശ്യമായ വിവിധ സർവ്വേകൾ പൂർത്തിയാക്കുക. മണ്ണിന്റെ ഗുണനിലവാരം പരിശോധിക്കുക.

---

† അനുബന്ധം VI കാണുക.

LIBRARY ARCHIVES Kerala Legislative Assembly

3. പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കുവേണ്ടിയുള്ള ഡിസൈൻ റിപ്പോർട്ടുകൾ തയ്യാറാക്കുക.

4. ടെണ്ടർ ഡോക്കുമെന്റുകൾ തയ്യാറാക്കുക.

5. പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക.

6. ട്രെയിനിംഗ് നടപ്പിലാക്കൽ.

(സി) കരാറുകാരെ പ്രീ-ക്വാളിഫൈ ചെയ്യുക, കോൺട്രാക്ടർമാരുടെ ടെക്നിക്കൽ ബിഡുകളും ഫിനാൻഷ്യൽ ബിഡുകളും അംഗീകരിക്കുക എന്നീ കാര്യങ്ങളിൽ അന്തിമതീരുമാനം എടുക്കാൻ എംപവേർഡ് കമ്മിറ്റിക്ക് അധികാരമുണ്ട്. കൂടാതെ ടെണ്ടറുകൾ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും തീരുമാനം എടുക്കുവാൻ ഈ കമ്മിറ്റിക്ക് അധികാരമുണ്ട്. പദ്ധതിയുടെ ആവശ്യത്തിന് വേണ്ടിവരുന്ന ഫണ്ട് മൂന്നു മാസത്തിലൊരിക്കൽ മുൻകൂർ നിശ്ചയിച്ച് ആവശ്യാനുസരണം നൽകുന്നതിന് ഫണ്ട് റിലീസ് കമ്മിറ്റിക്ക് അധികാരമുണ്ട്.

(ഡി) നിശ്ചിത സമയത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) പദ്ധതിക്കുവേണ്ടിയുള്ള സർവ്വേ ജോലികൾ മുൻകൂട്ടി കണ്ടിരുന്നതിനേക്കാൾ കൂടുതൽ വിസ്തൃതിയിൽ നടത്തേണ്ടിവന്നു. ഇത് പദ്ധതിയുടെ ഡിസൈനുകൾ പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടാക്കിയിട്ടുണ്ട്.

അഗസ്ത്യാർകൂടം സംരക്ഷിക്കാൻ നടപടി

92 [3346] *ശ്രീ. പി. ജെ. ജോയി:*
„ *വി. ഡി. സതീശൻ:*
„ *കെ. മോഹൻകുമാർ:*
„ *കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗസ്ത്യാർകൂടം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2004-2005 വർഷത്തിൽ ഈ പ്രദേശം എത്രപേർ സന്ദർശിച്ചു;

(സി) ഇവിടെ വരുന്നവർക്ക് പ്രാഥമികാവശ്യത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പ്ലാസ്റ്റിക് കവറുകളും ഭക്ഷ്യാവശിഷ്ടവും മറ്റുംകൊണ്ട് ഈ പ്രദേശം മലിനമാകുന്നത് തടയുന്നതിന് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[10-8-2005-ലെ 91 (3345)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

Empowered Committee

Functions:

1. Review and approve recommendations regarding acceptance of pre-qualifications tenders, technical and financial bids of contractors and related matters referred to Government by the Kerala Water Authority.
2. Take decision on all matters concerning procurement and monitor project activities.

Co-ordination Committee

Functions:

1. Ensure co-ordination and co-operation of various departments involved in the implementation of the project.
2. Periodical review of project activities.
3. Issuing guidelines for project implementation.
4. Ensure smooth fund flow of the project.

Committee for Fund Release

Functions:

1. Committee will assess the quarterly requirements of funds to JBIC Assisted Kerala Water Supply Project and the amount identified as requirement will be released to Kerala Water Authority in advance.
2. Release and utilization of funds will be reviewed by this Committee.

LIBRARY ARCHIVES Kerala Legislative Assembly